(ബി) മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാരിപ്പള്ളിയിൽ ആരംഭിക്കുന്ന ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി സംസ്ഥാന സർക്കാർ സ്ഥലം ഒന്നുംതന്നെ വിട്ടുകൊടുത്തിട്ടില്ല. ഇ.എസ്ഐ-കോർപ്പറേഷന് സംസ്ഥാന സർക്കാർ വിട്ടുകൊടുത്ത കോർപ്പറേഷന്റെ കീഴിലുള്ള 30 ഏക്കർ സ്ഥലത്തു തന്നെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി&സി) മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രി, സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷന് വിട്ടുകൊടുത്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഹിന്ദുസ്ഥാൻ ലാറ്റക്സ് എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 2012 മാർച്ചോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്നാണ് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിരിക്കുന്നത്.

എഴുകോൺ ഇ.എസ്.ഐ.-യിൽ ദന്തൽ/നഴ്സിംഗ് മെഡിക്കൽ കോളേജ്

68(2320) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ.-യിൽ ദന്തൽ-നഴ്സിംഗ് മെഡിക്കൽ കോളേജ് തുടങ്ങുവാനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ;

(ബി) കോർപ്പറേഷൻ ഏറ്റെടുത്തശേഷം പ്രസ്തുത മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ വേഗം കുറഞ്ഞിട്ടുണ്ടോ ;

(സി) ആയതിന്റെ നടപടി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏഴുകോണിലെ ഇ.എസ്.ഐ. ഡെന്റൽ കോളേജിനു വേണ്ടിയുള്ള കെട്ടിടത്തിന്റെ രൂപകല്പന ചെയ്യുന്നതിനായി ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനു നൽകിയിരിക്കുകയാണ്.

(ബി) ഇല്ല.

(സി) കെട്ടിടത്തിന്റെ രൂപകല്പന പൂർത്തീകരിച്ചശേഷം മാത്രമേ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയൂ എന്നു വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly